പുതുതായി ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതികൾ

1321. [1791] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച വാട്ടർ സപ്ലൈ പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രൊജ്ജം വില്ലേജിൽ എല്ലാം ശുദ്ധ ജലവിതരണം എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാം ;

(ഡി) കഴിഞ്ഞ വർഷ കാലത്തിനുശേഷം നടപ്പിലാക്കിയ ജലവിതരണ പദ്ധതിയിലൂടെ എത്രമാത്രം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു;

(ഇ) ഈ സാമ്പത്തികവർഷം എത്ര കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. നിർമ്മിച്ച കിണറുകളിലെ ജലം ജനങ്ങൾക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം :

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1985-86 സാമ്പത്തിക വർഷം 560 കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിലെല്ലാം പമ്പ് ഘടിപ്പിച്ചു വരികയാണ്. പണി പൂർത്തിയായി ജലവിതരണം ആരംഭിച്ച കിണറുകളുടെ എണ്ണം ശേഖരിച്ചുവരുന്നു.

പാറളം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

1322. [1793] ശ്രീ. കെ. പി. പ്രഭാകരൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ജലസേചനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാറളം പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ എന്തായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറളം പെരിപ്പുള്ളിശ്ശേരി എന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി പാറളം പഞ്ചായത്തിലെ ശിവപുരം കോളനിക്കു വേണ്ടിയും ചേർപ്പ് പഞ്ചായത്തിലെ പെരിപ്പുള്ളിശ്ശേരി കോളനിക്ക് വേണ്ടിയും ആണ്. കൂടാതെ പാറളം പഞ്ചായത്തിൽ വെങ്ങിലശ്ശേരി, കപ്പേടക്കുന്ന്, തമ്മാടം സ്കൂൾ, ഓടല്ലൂർ സെന്റർ ഓടല്ലൂർ വല്ല കോളനി, ശാസ്താംകടവ് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുകയും ഹാൻപമ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

കൊറനാട് പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതി

1323. [1794] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട ജില്ലയിലെ കൊറനാട് പഞ്ചായത്തിൽ (പെരുംപെട്ടി വാട്ടർ സപ്ലൈ സ്കീം) ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കാനുള്ള കാലതാമസത്തിന് കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly